LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസ വകുപ്പുമന്ത്രി *(ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ)* : അത് ചരിത്രപരമായ തെറ്റാണ്. ഈദി അമീനെക്കുറിച്ച് പടിഞ്ഞാറൻ മാധ്യമങ്ങൾ ഉണ്ടാക്കിയ കള്ളക്കഥയാണ് ശ്രീ. ടി. എം. ജേക്കബ് ഏറ്റു പറഞ്ഞത്.

ശ്രീ. ടി. എം. ജേക്കബ് : ബഹുമാനപ്പെട്ട ബഷീർ പറഞ്ഞത്, പടിഞ്ഞാറൻ മാധ്യമങ്ങളുണ്ടാക്കിയ കള്ളക്കഥയാണെന്നാണ്. ആകട്ടെ. പടിഞ്ഞാറൻ മാധ്യമങ്ങൾ ഇത് പ്രസിദ്ധീകരിച്ചു. അത് ലോകം മുഴുവൻ ശ്രദ്ധയിൽ വന്നു. നമ്മുടെ നാട്ടിലെ പത്രങ്ങളും അങ്ങനെ പ്രസിദ്ധീകരിക്കുകയും ചെയ്തു. ഞാൻ അത് ന്യായീകരിക്കുന്നില്ല. അത് ശരിയോ തെറ്റോ എന്ന് ഞാൻ പറയുന്നില്ല. പക്ഷേ, കേരളത്തിൽ മനുഷ്യരക്തവും മാംസവും റോഡിൽ ചിതറാനുള്ള അവസരം ഉണ്ടാക്കരുത്. മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി ആഭ്യന്തര വകുപ്പ് ഇതിനുമുമ്പും കൈകാര്യം ചെയ്തിട്ടുണ്ട്. ആ സന്ദർഭങ്ങൾ മറന്നുകൊണ്ട് നിരപരാധികളായ പല ആളുകളുടേയും രക്തം തെരുവിൽ ചിന്തുന്ന, അവരുടെ മാംസം തെരുവിൽ ചിതറിവീഴുന്ന ഒരു അവസ്ഥാവിശേഷം ഉണ്ടായി. അങ്ങ് മനുഷ്യരക്തവും മനുഷ്യമാംസവും കൊതിക്കുന്ന ഒരു ഭരണാധികാരിയാണെന്ന് ചരിത്രത്തിൽ രേഖപ്പെടുത്താൻ ഇടവരുത്തരുത്. പോലീസ് എക്സസ്സ് ഈ സംസ്ഥാനത്ത് ഉണ്ടായതിൽ പ്രതിഷേധിച്ച് ഞങ്ങളും ഈ വാക്കൗട്ടിൽ പങ്കെടുക്കുന്നു.

(ശ്രീ. ടി. എം. ജേക്കബും സഭവിട്ട് പുറത്തുപോയി.)

(സഭവിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അൽപ്പസമയത്തിനുശേഷം സഭയിൽ വീണ്ടും ഹാജരായി.)

V ശ്രദ്ധ ക്ഷണിക്കൽ

(1) കേരള ദിനേശ് ബീഡി സഹകരണ സംഘം നേരിടുന്ന പ്രതിസന്ധി പരിഹരിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: സർ, കണ്ണൂർ കേന്ദ്രമായി പ്രവർത്തിക്കുന്ന കേരള ദിനേശ് ബീഡി നേരിട്ടുകൊണ്ടിരിക്കുന്ന ഗൗരവമായ പ്രശ്നങ്ങളെപ്പറ്റി വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനുവേണ്ടിയാണ് ഈ കാളിംഗ് അറ്റൻഷൻ ഞാൻ ഇവിടെ അവതരിപ്പിക്കുന്നത്. 1969-ൽ സ്ഥാപിച്ചിട്ടുള്ള ഒരു സഹകരണസ്ഥാപനമാണ് കേരള ദിനേശ് ബീഡി. അന്നത്തെ ഗവൺമെന്റ് ബീഡി ആന്റ് സിഗാർ ആക്റ്റ് നടപ്പിലാക്കാൻ തീരുമാനിച്ച സമയത്ത് ഗണേശ്, ഭാരത്, പി. വി. എസ്. ദർബാർ എന്നിവയൊക്കെത്തന്നെ പൂട്ടിപ്പോയിട്ടുള്ള സമയത്ത് ആ മേഖലയിൽ പണിയെടുത്തിരുന്ന തൊഴിലാളികളെ സംരക്ഷിക്കുന്നതിനുവേണ്ടി അന്നത്തെ ഗവൺമെന്റിന്റെ

LIBRARY ARCHIVES Kerala Legislative Assembly

മുൻകയ്യോടുകൂടി സ്ഥാപിച്ച ഒരു സ്ഥാപനമാണ് കേരള ദിനേശ് ബീഡി. ഏതാണ്ട് 42,000-ത്തോളം ആളുകൾ ഈ സ്ഥാപനത്തിൽ അന്ന് ജോലി ചെയ്തിരുന്നു. കേരളത്തിലെ ബീഡി തൊഴിലാളികൾക്ക് നിയമാനുസൃതമായിട്ടുള്ള സേവന-വേതന വ്യവസ്ഥകൾ ഉറപ്പാക്കുന്നതിനുവേണ്ടി ഏറ്റവും പ്രധാനപ്പെട്ട നിലയ്ക്ക് പ്രവർത്തിച്ചിട്ടുള്ള ഒരു സ്ഥാപനമാണ് കേരള ദിനേശ് ബീഡി. വടക്കേ മലബാറിൽ ഏറ്റവും കൂടുതൽ ആളുകൾ പണിയെടുക്കുന്ന ഒരു സ്ഥാപനമാണിത്. ആ സ്ഥാപനത്തിന്റെ ഇന്നത്തെ നില വളരെ പരിതാപകരമാണ്. നേരത്തെ 42,000-ത്തോളം ആളുകൾ പണിയെടുത്തിരുന്ന സ്ഥാപനത്തിൽ, ഇന്നത്തെ ഈ പരാധീനതകൊണ്ട് നിരവധി ആളുകൾ പിരിഞ്ഞുപോയതിന്റെകൂടി ഫലമായി ഇന്ന് 16,500-ഓളം തൊഴിലാളികൾ മാത്രമേ പണിയെടുക്കുന്നുള്ളൂ. നേരത്തെ ആഴ്ചയിൽ 6 ദിവസക്കാലം 7 ദിവസത്തെ വേതനത്തോടുകൂടി പണിയെടുത്തിരുന്ന ആ സ്ഥാപനത്തിൽ ഇന്നിപ്പോൾ മൂന്ന് ദിവസമാണ് അവിടത്തെ തൊഴിലാളികൾക്ക് പണി കിട്ടുന്നത്. ആഴ്ചയിൽ ആവറേജ് 200 രൂപയിൽ താഴെ വരുമാനമുള്ള നിലയ്ക്കാണ് 16,500-ഓളം ആളുകൾ ഇന്ന് ഈ സ്ഥാപനത്തിൽ പണിയെടുത്തുകൊണ്ടിരിക്കുന്നത്. ഇന്നത്തെ ഗുരുതരമായിട്ടുള്ള അവസ്ഥയിൽ ഇത്രമാത്രം ചെറിയ ഒരു വേതനംകൊണ്ട് എങ്ങനെയാണ് ഈ സ്ഥാപനത്തിലെ ജനങ്ങൾക്ക് ജീവിക്കാൻ കഴിയുകയെന്നത് നമുക്കെല്ലാം ആലോചിക്കാൻ കഴിയുന്ന ഒരു കാര്യമാണ്. യഥാർത്ഥത്തിൽ കേരള ദിനേശ് ബീഡി നേരിട്ടുകൊണ്ടിരിക്കുന്ന ഗുരുതരമായ പ്രശ്നം നമ്മുടെ ഗവണ്മെന്റുകളുടെ നയവൈകല്യമായി ഇഴപിരിക്കാൻ പറ്റാത്ത വിധത്തിൽ ബന്ധപ്പെട്ടുനിൽക്കുന്ന ഒന്നാണ്. കേരളത്തിൽത്തന്നെ ഏതാണ്ട് രണ്ട് ലക്ഷത്തിലധികം ബീഡിത്തൊഴിലാളികൾ ഉണ്ടായിരുന്ന സ്ഥാനത്ത് ഇപ്പോൾ കേവലം ഒരു ലക്ഷം ബീഡിത്തൊഴിലാളികൾ മാത്രമേ ജോലി എടുക്കുന്നുള്ളൂ. ബീഡി മേഖല നേരിട്ടുകൊണ്ടിരിക്കുന്ന പ്രധാനപ്പെട്ട പ്രയാസത്തിന്റെ കാരണം ഗവണ്മെന്റിന്റെ നയമാണ്. പുകവലിക്കെതിരായിട്ടുള്ള വ്യാപകമായ പ്രചരണം രാജ്യത്താകെ നടക്കുന്നു. പൊതുസ്ഥലങ്ങളിൽ പുകവലി പാടില്ലായെന്നുള്ള സുപ്രീം കോടതി വിധി നിലവിലുണ്ട്. അതുപോലെതന്നെ പൊതുസ്ഥലങ്ങളിലാകെ പുകവലി പൂർണ്ണമായും നിരോധിക്കപ്പെട്ടിരിക്കുന്നു. ഇപ്പോൾ ജയിലുകളിലും പുകവലി അനുവദിക്കപ്പെടുന്നില്ല. ഇങ്ങനെയുള്ള അവസ്ഥയാണ് നിലനിൽക്കുന്നത്. അതുപോലെതന്നെ പുകവലിയുമായി ബന്ധപ്പെടുത്തിക്കൊണ്ട് അതിന്റെ പരസ്യങ്ങളൊക്കെ നമ്മുടെ രാജ്യത്ത് നിരോധിക്കപ്പെട്ടിരിക്കുകയാണ്. സ്കൂളുകൾക്ക് സമീപം പുകയില ഉൽപ്പന്നങ്ങൾ ഒന്നുംതന്നെ വിൽക്കാൻ പാടില്ല എന്നുള്ള ഒരു വ്യവസ്ഥ കർശനമായും നടപ്പിലാക്കപ്പെടുകയാണ്. അതുപോലെതന്നെ 18 വയസ്സിനു താഴെയുള്ളവർക്ക് ബീഡി ഉൾപ്പെടെയുള്ള പുകയില ഉൽപ്പന്നങ്ങൾ വിൽക്കാൻ പാടില്ല എന്നുള്ള നിയമവും കർശനമായും ഈ നാട്ടിൽ നടപ്പിലാക്കപ്പെടുകയാണ്. ഈ ഗവണ്മെന്റ്

നയത്തിന്റെ ഫലമായിട്ടാണ് ദിനേശ് ബീഡി ഉൾപ്പെടെ ഇന്ത്യാരാജ്യത്ത് എമ്പാടുമുള്ള, പൊതുവിൽ കേരളത്തിലുള്ള എല്ലാ സ്ഥാപനങ്ങളും ഇത്രയും ഗുരുതരമായ പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുന്നത്. അതിന്റെ ഫലമായിട്ടാണ് നേരത്തെ രണ്ട് ലക്ഷത്തോളം ആളുകൾ പണിയെടുത്തുകൊണ്ടിരുന്ന ഈ സ്ഥാപനത്തിൽ ഇന്ന് കേവലം ഒരു ലക്ഷത്തിൽ താഴെ മാത്രം വരുന്ന തൊഴിലാളികൾ പണിയെടുക്കുന്നത്. സാധാരണഗതിയിൽ ഇങ്ങനെ ഈ ഗവണ്മെന്റിന്റെ പൊതുനയത്തിന്റെ ഭാഗമായി ഈ പ്രശ്നങ്ങളെല്ലാം ഉണ്ടാകുന്ന സമയത്ത് ആ മേഖലയിൽനിന്നും പിരിഞ്ഞുപോകുന്ന ആളുകളെ സഹായിക്കാൻവേണ്ടി സർക്കാരിന്റെ ഭാഗത്തുനിന്ന് സമീപനം ഉണ്ടാകാറുണ്ട്. നേരത്തെ ആന്റണി ഗവണ്മെന്റിന്റെ തീരുമാനത്തിന്റെ ഭാഗമായി മദ്യവ്യവസായ മേഖലയിലുള്ള ആളുകളെല്ലാം ഒഴിവായ സമയത്ത് അവരെ സഹായിക്കാൻവേണ്ടി ഗവണ്മെന്റിന് ഒരു പദ്ധതിയുണ്ടായിരുന്നു. അതുപോലെതന്നെ പുനരധിവാസം അടക്കമുള്ള കാര്യങ്ങൾ ഗവണ്മെന്റ് ഗൗരവമായി ആലോചിക്കുന്നുണ്ട്. കശുവണ്ടി മേഖലയിൽ പുനരധിവാസമൊന്നുമുണ്ടായില്ലെങ്കിലും ആ മേഖലയെ സംബന്ധിച്ച് ഗൗരവമായി ആലോചിക്കാനും തൊഴിലാളികൾക്കെല്ലാം സഹായം നൽകാനുംവേണ്ടി പറ്റാവുന്ന സമീപനങ്ങൾ സംസ്ഥാന ഗവണ്മെന്റിന്റെ ഭാഗത്തുനിന്ന് നേരത്തെ ഉണ്ടായിട്ടുള്ളതാണ്. എന്നാൽ ഇപ്പോൾ ഗവണ്മെന്റിനെ സംബന്ധിച്ച് ഈ മേഖലയ്ക്കകത്ത് ബീഡി വ്യവസായവുമായി ബന്ധപ്പെട്ട് ഇങ്ങനെ എന്തെങ്കിലും നിലപാട് സ്വീകരിക്കാൻ ഗവണ്മെന്റ് സന്നദ്ധമല്ല എന്നുള്ള നില തുടരുകയാണ്. യഥാർത്ഥത്തിൽ പൊതുരംഗത്തുതന്നെ ബീഡിയുമായി ബന്ധപ്പെട്ടുകൊണ്ട് കുറേ കാര്യങ്ങൾ സംസ്ഥാന ഗവണ്മെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകേണ്ടതായിട്ടുണ്ട്. ഉദാഹരണമായി, ബീഡി ആന്റ് സിഗാർ ആക്റ്റ് ഒരുപാട് കൊല്ലക്കാലമായി നടപ്പിലുള്ളതാണ്. അത് നമ്മുടെ സംസ്ഥാനത്ത് നടപ്പിലാക്കാൻ തയ്യാറാകുന്നില്ല. കേന്ദ്ര വെൽഫയർ ഫണ്ടിന്റെ ആനുകൂല്യം ഉൾപ്പെടെയുള്ള ധാരാളം കാര്യങ്ങൾ ഈ മേഖലയ്ക്കകത്ത് പണിയെടുക്കുന്ന ഒരു ലക്ഷത്തോളം തൊഴിലാളികൾക്ക് ലഭ്യമാകുന്ന കാര്യമാണ്. അതുപോലെതന്നെ ഒരു കൊല്ലത്തിൽ 20 ലക്ഷം ബീഡി ഉൽപ്പാദിപ്പിക്കുന്ന സ്ഥാപനങ്ങൾക്ക് നികുതിയില്ലാത്ത അവസ്ഥ ഇന്ന് നിലവിലുണ്ട്. യഥാർത്ഥത്തിൽ ആ വ്യവസ്ഥ നല്ലതാണ്. ആ വ്യവസ്ഥ ഉപയോഗിച്ച് ചെറുകിട ബീഡി കമ്പനികൾ നികുതിവെട്ടിപ്പ് നടത്തുകയാണ്. ആ നികുതിവെട്ടിപ്പ് തടയാൻ ഗവണ്മെന്റിന്റെ ഭാഗത്തുനിന്ന് നടപടികൾ ഉണ്ടാകുന്നില്ല. അത് നിർബന്ധമായും ഉണ്ടാകേണ്ടതുണ്ട്. അതുപോലെ കേരളത്തിൽ പണിയെടുക്കുന്ന ബീഡിത്തൊഴിലാളികൾ യഥാർത്ഥത്തിൽ കേരളത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ മാത്രം പണിയെടുക്കുന്നവരല്ല. കർണ്ണാടക കേന്ദ്രമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ തൊഴിൽ ചെയ്യുന്ന ആളുകൾ ഉൾപ്പെടെയുള്ളവർ ഇന്ന് കേരളത്തിൽ ബീഡി വ്യവസായരംഗത്ത് പണിയെടുക്കുന്നുണ്ട്. കേരളത്തിൽ എല്ലാ മേഖലയിലേയും ബീഡി

LIBRARY ARCHIVES Kerala Legislative Assembly

തൊഴിലാളികൾക്ക് ഏകീകരിച്ച കൂലിനിരക്കല്ല ഉള്ളത്. ഏറ്റവും കൂടുതൽ കൂലി കൊടുക്കുന്നത് ദിനേശ് ബീഡി സ്ഥാപനമാണ്. പക്ഷേ, കർണ്ണാടക കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെല്ലാം വളരെ കുറച്ചു കൂലി മാത്രമേ കൊടുക്കുന്നുള്ളൂ. അതുകൊണ്ട് കേരളത്തിൽ കൂലിനിരക്ക് ഏകീകരിക്കപ്പെടേണ്ടത് ഈ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് അത്യന്താപേക്ഷിതമാണ്. അതുപോലെതന്നെ വ്യാജബീഡി ഉണ്ടെന്നത് ഗവണ്മെന്റിന് അറിയാത്തതല്ല; ലേബർ ഡിപ്പാർട്ടുമെന്റിന് അറിയാത്തതല്ല. പക്ഷേ, വ്യാജ ബീഡി തടയുന്നതിനുള്ള എന്തെങ്കിലും നിയമാടുകൾ ലേബർ ഡിപ്പാർട്ടുമെന്റിന്റെയോ, പോലീസിന്റെയോ ഭാഗത്തുനിന്ന് ഉണ്ടാകുന്നില്ല. അതുപോലെതന്നെ നേരത്തെ ഈ കാര്യങ്ങളെല്ലാം സംബന്ധിച്ച് ചർച്ച ചെയ്തപ്പോൾ ബീഡിമേഖല നേരിടുന്ന പ്രയാസങ്ങൾ പരിഹരിക്കുന്നതിന് വ്യവസായവകുപ്പ് ഡയറക്ടർ ചെയർമാനായി ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്. ആ സമിതി ഇപ്പോൾ സിറ്റിംഗ് നടത്തിക്കൊണ്ടിരിക്കുകയാണ്. അതിന്റെ റിപ്പോർട്ട് ഇതുവരെ വന്നിട്ടില്ല. അതുകൊണ്ട് ബീഡി മേഖലയുമായി ബന്ധപ്പെട്ടുകൊണ്ട് ദിനേശ് ബീഡി മാത്രമല്ല, പൊതുവിൽ കേരളത്തിലെ ബീഡി മേഖലയെ രക്ഷിക്കാനുള്ള നാലഞ്ച് കാര്യങ്ങൾ അടിയന്തിരമായി ഗവണ്മെന്റ് ചെയ്യേണ്ടതുണ്ട്. ബീഡി ആന്റ് സിഗാർ ആക്റ്റ് അടിയന്തിരമായി നടപ്പിലാക്കണം. അതുപോലെതന്നെ നികുതിവെട്ടിപ്പ് തടയണം. കൂലിനിരക്ക് ഏകീകരിക്കണം, വ്യാജ ബീഡി തടയാനുള്ള സംവിധാനം വേണം, ബീഡി മേഖലയെ കുറിച്ച് പഠിക്കാൻ നിയോഗിച്ച കമ്മിഷൻ റിപ്പോർട്ട് നടപ്പിലാക്കണം, പുനരധിവാസം വേണം. എന്നാൽ ദിനേശ് ബീഡിയെ സംബന്ധിച്ച് ഇതുമാത്രമല്ല പ്രശ്നം. ഇപ്പോൾ ദിനേശ് ബീഡിയുമായി ബന്ധപ്പെട്ട് എണ്ണായിരത്തോളം ആളുകൾ ഈ കാലയളവിൽ പുറത്തുപോയിട്ടുണ്ട്. ഇവരെ പുനരധിവസിപ്പിക്കാനുള്ള ഒരു നടപടിയും സംസ്ഥാന ഗവണ്മെന്റിന്റെ ഭാഗത്തുനിന്നുണ്ടായിട്ടില്ല. അതുപോലെതന്നെ വിൽപ്പന നികുതിയിനത്തിൽ 14 കോടി 18 ലക്ഷം രൂപ ദിനേശ് ബീഡിയിൽനിന്ന് ഗവണ്മെന്റ് വാങ്ങിയിട്ടുണ്ട്. അത് പ്രതിസന്ധി നേരിടുന്ന സ്ഥാപനത്തിന് അടിയന്തിരമായി തിരിച്ചുകൊടുക്കണം. അതുപോലെതന്നെ എൽ.ഡി.എഫ്.-ന്റെ കാലത്ത് വൈവിദ്ധ്യവൽക്കരണവുമായി ബന്ധപ്പെട്ട് ഒരു കോടി രൂപ അടിയന്തിരമായി ഈ സ്ഥാപനത്തിന് നൽകാമെന്ന് പറഞ്ഞിട്ടുള്ളതാണ്. ഗവണ്മെന്റ് എന്നു പറഞ്ഞാൽ തുടർച്ചയാണ്. 25 ലക്ഷം രൂപ മാത്രമേ കൊടുത്തിട്ടുള്ളൂ. ബാക്കി 75 ലക്ഷം രൂപ അടിയന്തിരമായി കൊടുക്കാൻ നടപടിയുണ്ടാകണം. അതുപോലെതന്നെ നിനേശ് ഹുഡ് വൈവിദ്ധ്യവൽക്കരണം ആരംഭിക്കുന്ന കാലത്ത് അതിന്റെ ഉൽപ്പന്നങ്ങൾ സർക്കാർ ഭക്ഷണം കൊടുക്കുന്ന സ്ഥാപനങ്ങളിലും സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേനയും കൊടുക്കുമെന്ന് പറഞ്ഞിട്ടുള്ളതാണ്. അത് കൊടുക്കാൻ നടപടിയുണ്ടാകണം. അതോടൊപ്പംതന്നെ വൈവിദ്ധ്യവൽക്കരണത്തിന്റെ ഭാഗമായിട്ട് അവിടെയുണ്ടായിട്ടുള്ള ഐ. ടി. പാർക്ക്. അതിനകത്ത്

LIBRARY ARCHIVES Kerala Legislative Assembly

സർക്കാറിന്റെ ജോലികൾ, ഡാറ്റാ എൻട്രി ഉൾപ്പെടെയുള്ള വ്യത്യസ്ത ഡിപ്പാർട്ടുമെന്റുകളുടെ ജോലികൾ കൊടുക്കുമെന്ന് എൽ.ഡി.എഫ്. ഗവണ്മെന്റിന്റെ കാലത്ത് തീരുമാനിച്ചിട്ടുള്ളതാണ്. ഇപ്പോൾ Registration Department അല്ലാതെ മറ്റ് ഒരു ഡിപ്പാർട്ടുമെന്റും ഇത് കൊടുക്കുന്നില്ല. അത് കൊടുക്കാനാവശ്യമായ നടപടിയുണ്ടാകണം. യഥാർത്ഥത്തിൽ ഇരുപതിനായിരത്തോളം ആളുകൾ പണിയെടുക്കുന്ന ദിനേശ് ബീഡി സ്ഥാപനത്തെ സംസ്ഥാന ഗവണ്മെന്റ് തീരെ ശ്രദ്ധിക്കുന്നില്ല. ഈ കാര്യങ്ങളെ സംബന്ധിച്ചും സംസ്ഥാന ഗവണ്മെന്റിന്റെ ഭാഗത്തുനിന്നും ഒരു ആലോചനയും ഇല്ല. ഈ സ്ഥാപനത്തിൽ പണിയെടുക്കുന്നവരെ രക്ഷിക്കാനും അവിടെനിന്ന് പിരിഞ്ഞുപോയ 8,000 ആളുകളെ പുനരധിവസിപ്പിക്കാനുമുള്ള അടിയന്തിരമായ നടപടികൾ ഗവണ്മെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണം എന്നാണ് എനിക്കിവിടെ സൂചിപ്പിക്കാനുള്ളത്. പ്രധാനപ്പെട്ട രണ്ട് കാര്യങ്ങൾ ഞാനിവിടെ സൂചിപ്പിച്ചിട്ടുണ്ട്. ഒന്ന്, നേരത്തെയുള്ള ഗവണ്മെന്റ് തരാമെന്നേറ്റ 75 ലക്ഷം രൂപ നൽകണം. രണ്ടാമത്തേത്, അധിക നികുതിയായി വാങ്ങിയിട്ടുള്ള 14 കോടി 18 ലക്ഷം രൂപയും തിരിച്ചു നൽകണം. ഈ രണ്ട് ആവശ്യങ്ങളും അംഗീകരിക്കാൻ ഗവൺമെന്റ് തയ്യാറാകണം.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, കേരളത്തിലെ ബീഡി വ്യവസായം പ്രതിസന്ധി അഭിമുഖീകരിക്കുകയാണ്. പൊതുസ്ഥലങ്ങളിൽ പുകവലി നിരോധിച്ചുകൊണ്ടുള്ള കോടതി ഉത്തരവും, പുകവലിയുടെ ദുഷ്യഫലങ്ങളെ സംബന്ധിച്ച് പൊതുജനങ്ങളുടെ അവബോധവും ബീഡി വ്യവസായത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ദിനേശ് ബീഡിയുടെ വില കൂടുന്നതു കൊണ്ടും വിലകുറഞ്ഞ പ്രാദേശിക ബീഡികൾ മാർക്കറ്റിൽ സുലഭമായി ലഭിക്കുന്നതു കൊണ്ടും ദിനേശ് ബീഡിയുടെ വിൽപ്പന വർഷംതോറും കുറഞ്ഞുവരികയാണ്. ദിനേശ് ബീഡി സഹകരണ സംഘത്തിന്റെ പ്രശ്നങ്ങളെ സംബന്ധിച്ച് ചർച്ചചെയ്യുന്നതിന് 14-3-2005-ന് മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ യോഗം ചേർന്നിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ബീഡി വ്യവസായം നേരിടുന്ന പ്രതിസന്ധിയെകുറിച്ച് വിശദമായ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടർ ചെയർമാനായി ഒരു കമ്മിറ്റി രൂപീകരിച്ചു. ഈ കമ്മിറ്റി ഇതിനകം '3' സിറ്റിംഗ് നടത്തി. നാലാമത്തേത് 11-7-2005-ന് കണ്ണൂരിൽ ഇതിനകം നടത്താൻ തീരുമാനിച്ചിട്ടുണ്ട്. കമ്മിറ്റിയുടെ പരിധിയിൽ ഈ തൊഴിലാളികളുടെ പുനരധിവാസംകൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. അവരുടെ വിദ്യാഭ്യാസനിലവാരം അനുസരിച്ച് അവിടത്തെ തൊഴിലാളികൾക്കും തൊഴിലാളികളുടെ കുടുംബാംഗങ്ങൾക്കും എങ്ങനെ പരിശീലനം നൽകാമെന്നതിനെപ്പറ്റി ആലോചിച്ച് അവർക്ക് ഒരു പാക്കേജ് തയ്യാറാക്കുവാൻ ഈ സമിതിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. സമിതിയുടെ റിപ്പോർട്ട് ഉടനെ കിട്ടും. റിപ്പോർട്ട് കിട്ടിക്കഴിഞ്ഞാൽ

LIBRARY ARCHIVES Kerala Legislative Assembly

ഗവണ്മെന്റ് അത് പരിഗണിക്കുന്നതാണ്. വൈവിദ്ധ്യവൽക്കരണത്തെ സംബന്ധിച്ച് ഒരുപാട് അഭിപ്രായവ്യത്യാസങ്ങളുണ്ട്. എന്നാലും ആ കാര്യങ്ങളെ സംബന്ധിച്ച് ഗവണ്മെന്റ് പരിഗണിക്കുന്നതാണ്.

(2) കടൽക്ഷോഭത്തിൽ ദുരിതമനുഭവിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് അടിയന്തിര സഹായങ്ങൾ നൽകേണ്ടതിന്റെ ആവശ്യകത

ശ്രീ. ടി. എൻ. പ്രതാപൻ : സർ, കേരളത്തിലെ തീരപ്രദേശങ്ങളിലെ മത്സ്യത്തൊഴിലാളികൾ വളരെയേറെ പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുകയാണ്. രൂക്ഷമായ കടലാക്രമണവും മത്സ്യക്ഷാമവും അതിരൂക്ഷമായ പട്ടിണിയും ദാരിദ്ര്യവുമാണ് തീരദേശ മേഖലയിൽ ഉണ്ടാക്കിയിരിക്കുന്നത്. കേരളത്തിലെ ഒട്ടുമിക്കവാറും തീരപ്രദേശങ്ങളും ഇന്ന് കടലാക്രമണഭീതിയിലാണ്. കാലാകാലങ്ങളിൽ കടൽഭിത്തി കെട്ടുന്നതിനുള്ള നിർദ്ദേശം സംസ്ഥാന സർക്കാരിൽനിന്നുണ്ടാവുമെങ്കിലും ഇതുവരെയായും പല മേഖലകളിലും കടൽഭിത്തി കെട്ടുന്നതിനുള്ള നടപടികൾ ഉണ്ടായിട്ടില്ല. കാലവർഷം രൂക്ഷമാകുന്ന ഈ കാലത്ത് മത്സ്യക്ഷാമംകൂടി ഉണ്ടായിരിക്കുകയാണ്. കടലാക്രമണവും മത്സ്യക്ഷാമവുംകൂടി ഒന്നിച്ചുവന്ന ഈ സന്ദർഭത്തിൽ മത്സ്യത്തൊഴിലാളികളുടെ നിത്യജീവിതം വളരെ ദുരിതപൂർണ്ണമാണ്. സർക്കാർ ഈ സാഹചര്യത്തിൽ അടിയന്തിരമായി ഇടപെടണം. സൗജന്യറേഷൻ ഉൾപ്പെടെ തീരപ്രദേശത്തെ പട്ടിണിയിലായ മത്സ്യത്തൊഴിലാളികൾക്ക് അടിയന്തിര സഹായം നൽകണം. കടൽത്തീരത്തെ നിരവധി വീടുകൾക്ക് അടുത്ത ദിവസങ്ങളിൽ നാശനഷ്ടമുണ്ടായിട്ടുണ്ട്. മനുഷ്യജീവനും ഈ സന്ദർഭത്തിൽ നഷ്ടപ്പെട്ടതായി നമുക്കറിയാം. അത്തരം മേഖലകളിൽ അടിയന്തിര സഹായം എത്തിക്കാനും കടലാക്രമണത്തിൽ മത്സ്യബന്ധനോപകരണങ്ങൾ നശിച്ചുപോയവർക്ക് പ്രകൃതിക്ഷോഭത്തിൽപ്പെടുത്തി ധനസഹായം നൽകാനും നടപടികൾ ഉണ്ടാവണം. കടലാക്രമണത്തിൽ മത്സ്യബന്ധനോപകരണങ്ങൾ നഷ്ടപ്പെട്ടവർക്ക് അടിയന്തിര സഹായം നൽകണം. തീരദേശമേഖലയിലെ ആളുകളെ സംരക്ഷിക്കുന്നതിനും സഹായിക്കുവാനുമുള്ള നടപടികൾ അടിയന്തിരമായി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാവുമെന്ന് പ്രതീക്ഷിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): തീരപ്രദേശങ്ങളിൽ വളരെ ഗുരുതരമായ സ്ഥിതിവിശേഷമാണ് നിലനിൽക്കുന്നതെന്ന് ഗവൺമെന്റ് നല്ലതുപോലെ മനസ്സിലാക്കുന്നുണ്ട്. തീരപ്രദേശങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ വളരെ കുറവാണ്. സുനാമിബാധ ഉണ്ടായതിനുശേഷം സംസ്ഥാനത്തിന്റെ തീരദേശത്തുള്ള ജനങ്ങൾ അറിടെ താമസിക്കുന്നത് വളരെ ഭയത്തോടും ആശങ്കയോടുംകൂടിയാണ്. ഒന്നുരണ്ടുപ്രാവശ്യത്തെ മുന്നറിയിപ്പുകൾ വന്നത് അവരുടെ ആശങ്കകൾ വർദ്ധിപ്പിച്ചിരിക്കുകയാണ്.

GPM. 2/564/2012—33

LIBRARY ARCHIVES Kerala Legislative Assembly